ഖുത്വ്ബ നമ്പർ
18
04-05-2012

بسم الله الرحمن الرحيم O نحمده اونصلی علیٰ رسوله الكريم O وعلیٰ عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزیز
വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം



# കാലത്തിന്റെ ഇമാമിനെ ഒരുനോക്കു കാണാനുള്ള സഹാബത്തിന്റെ ത്യാഗപൂർണ്ണമായ യാത്രകൾ

ഇന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബാക്കൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാ നും സന്ദർശിക്കാനും ഉണ്ടായിരുന്ന ആവേശവും താൽപര്യവും വ്യക്തമാക്കുന്ന ഏതാനും സംഭവങ്ങളാണ് കേൾപ്പിക്കുന്നത്.

ഹദ്റത്ത് മിയാൻ സുഹൂറുദ്ദീൻ സാഹിബ്(റ) വിവരിക്കുന്നു. ഒരു ദിവസം വെറുതെ ഇരിക്കുമ്പോൾ ഖാദിയാനിൽ പോകാനുള്ള ഉൽക്കടമായ ആഗ്രഹം എന്റെ ഹൃദയത്തിൽ ഉണ്ടായി. ഞാൻ എന്റെ ബഹുമാനപ്പെട്ട സഹോദരൻ മുൻശി സിറാജുദ്ദീൻ സാഹിബിനോട് എന്റെ ഈ ഉദ്ദേശ്യത്തെക്കുറിച്ച് പറഞ്ഞു. അപ്പോൾ എന്റെ പക്കൽ ചിലവിനുള്ള പണം ഒന്നും തന്നെയില്ലായിരുന്നു. ബഹുമാനപ്പെട്ട സഹോദരൻ മുൻശി സിറാജുദ്ദീൻ സാഹിബ് എനിക്ക് ഒരു രൂപ നൽകിക്കൊണ്ട് പറഞ്ഞു. എന്റെ കയ്യിൽ ഇപ്പോൾ ഒരു രൂപമാത്രമാണുള്ളത്. അല്ലെങ്കിൽ കൂടുതൽ ഞാൻ നൽകുമായിരുന്നു. ഞാൻ പിന്നീട് ഖാസി മൻസൂർ അഹ്മദ് സാഹിബിനോട് അതിനെക്കുറിച്ച് പറഞ്ഞു. ഞാൻ ഖാദിയാനിൽ പോവുകയാണ്. അദ്ദേഹം പറഞ്ഞു. ഞാനും വരാം. അടുത്ത ദിവസം ഞങ്ങൾ രണ്ടുപേരും ഖാദിയാനിലേക്ക് പറുപ്പെട്ടു. ബട്ടാലയിൽ നിന്ന് കാൽനടയായി പുറപ്പെട്ട് ളുഹർ സമയത്ത് ഖാദിയാനിൽ എത്തിച്ചേർന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി മുലാഖാത്ത് നടത്തി. ഹൃദയത്തിന് സമാധാനം ലഭിച്ചു. (അൽഹംദുലില്ലാഹ് അലാ ദാലിക്) പിന്നീട് എഴുതുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടം എത്രമാത്രം മനോഹരമായ കാലഘട്ടമായിരുന്നു. അവിടുത്തെ സമക്ഷത്തിൽ എത്തിച്ചേർന്നതിന് ശേഷം മറ്റുകാര്യങ്ങളെക്കുറിച്ച് യാതൊരു ശ്രദ്ധയുമുണ്ടാകാറില്ല. അദ്ദേഹത്തോട് വിടപറയാൻ തോന്നാറുണ്ടായിരുന്നില്ല. അന്ന് ഞങ്ങൾ ഖാദിയാനിൽ എത്തിയപ്പോൾ എന്റെ ഭാര്യാപിതാവ് ഖാസി സൈനുൽ ആബിദീൻ സാഹിബും അവിടെ എത്തിയിരിക്കുന്നതായി കണ്ടു. ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി മുലാഖാത്ത് നടത്തിയതുകൊണ്ട് വളരെ സന്തോഷത്തിലായിരുന്നു. ഇപ്രാവശ്യം ഞങ്ങൾ ഖാദിയാനിൽ നാലഞ്ച് ദിവസം താമസിച്ചു. അല്ലാഹു മസീഹ് മൗഊദ്(അ) നോടൊപ്പം നമസ്ക്കരിക്കാനുള്ള അവസരം നൽകി. ഞങ്ങളെപ്പോലുള്ള ബലഹീനരെ ഈ അനുഗ്രഹീത കാലഘട്ടത്തിൽ ജനിപ്പിച്ച് അനുഗ്രഹീത അസ്ഥിത്ത്വവുമായി ബന്ധിപ്പിച്ചത് അവന്റെ അനുഗ്രഹം മാത്രമാണ്. (അൽഹംദുലില്ലാഹി അലാ ദാലിക്ക്)

ഹാജി മുഹമ്മദ് മൂസ സാഹിബ് വിവരിക്കുന്നു. ആ കാലഘട്ടത്തിൽ അനേകം വർഷമായി എന്റെ പതിവ് ഇതായിരുന്നു: നയ സ്റ്റേഷനിൽ (ഇത് സ്റ്റേഷന്റെ പേരാണ്) ഒരു സമീന്ദാറുടെ അടുത്ത് ഞാൻ നല്ല കട്ടി കൂടിയ ടയറുകളുള്ള ഒരു സൈക്കിൾ വെച്ചിരുന്നു. അതായത് ആ സൈക്കിളിന്റെ ടയറുകളിൽ കാറ്റിന് പകരം റബ്ബറാണ് ഉണ്ടായിരുന്നത്. ജുമുഅ ദിവസം ഞാൻ ലാഹോറിൽ നിന്ന് ബട്ടാല വരെ ട്രെയിനിൽ യാത്ര ചെയ്യുമായിരുന്നു. പിന്നീട് അവിടെ നിന്ന് സൈക്കിളിൽ യാത്ര ചെയ്ത് ഖാദിയാനിൽ പോകും. ജുമുഅ നമസ്ക്കാരത്തിന് ശേഷം തിരിച്ച് സൈക്കിൾ ബട്ടാലയിൽ വന്ന് ട്രെയിനിൽ യാത്ര ചെയ്ത് ലാഹോറിൽ വരുമായിരുന്നു. എല്ലാ ജുമുആ ദിവസവും അദ്ദേഹത്തിന്റെ രീതി ഈ വിധത്തിലായിരുന്നു. അദ്ദേഹം ലാഹോറിൽ നിന്ന് ജുമുഅ നമസ്കരിക്കുന്നതിനായി ഖാദിയാനിൽ സ്ഥിരമായി പോകാറുണ്ടായിരുന്നു. പതിനൊന്ന് പന്ത്രണ്ട് മൈൽ ദൂരയാത്ര, അത് വരവും മടക്കവും കൂട്ടുകയാണെങ്കിൽ 24 മൈൽ ദൂരം സൈക്കിളിലാണ് ഇത്രയും ദൂരം യാത്ര ചെയ്തിരുന്നത്.

ഡോക്ടർ മിർസാ ഗുലാം ഗൗസ് സാഹിബ് (റ) വിവരിക്കുന്നു. ഞാൻ ആദ്യമായി 1901 ഫെബ്രുവരിയിൽ ഖാദിയാനിൽ വന്നപ്പോൾ ഹുസൂറിന്റെ കൈയ്യിൽ ബൈഅത്ത് ചെയ്തു. എഴുത്തു മുഖേനയുള്ള ബൈഅത്ത് ഞാൻ 1900 ആഗസ്റ്റിൽ ചെയ്തിരുന്നു. ഞാൻ മൗലവി അബ്ദുൽ കരീം സാഹിബിനോട് ചോദിച്ചു. നമ്മുടെ ജമാഅത്തിന്റെ എന്തെങ്കിലും വസീഫ (പ്രത്യേകമായി ചെയ്യേണ്ട കാര്യം) പറഞ്ഞ് തന്നാലും. പറഞ്ഞു: ജമാഅത്തിന്റെ വസീഫ ഇതാണ്, കൂടെ കൂടെ ഖാദിയാനിൽ വന്ന് കൊണ്ടിരിക്കുക. മാതാവിനെയും ഭാര്യയെയും കുട്ടികളെയും ഇവിടെ താമസിപ്പിക്കുന്നതിനുവേണ്ടി ഖാദിയാനിൽ ഒരു വീടുണ്ടാക്കണമെന്ന ചിന്ത എനിക്കുവന്നു. എനിക്കും അവധിയിൽ വരുമ്പോഴെല്ലാം നേരെ ഖാദിയാനിൽ വന്ന് താമസിക്കാം. അങ്ങനെ ഞാൻ എന്റെ ജോലിസ്ഥലമായ കിഴക്കേ ആഫ്രിക്കയിൽ തിരിച്ച് ചെന്ന ഉടനെ എനിക്ക് വീട് ഉണ്ടാക്കുന്നതിനായി 600 രൂപ മൗലവി അബ്ദുൽ കരീം സാഹിബിന് അയച്ചു കൊടു

ത്തു. എന്നാൽ മൂന്ന് വർഷങ്ങൾക്ക് ശേഷം ഞാൻ തിരിച്ചുവന്നപ്പോൾ, എനിക്ക് അതിനുള്ള അവസരം ലഭിച്ചില്ല എന്ന് പറഞ്ഞ് ഖേദം പ്രകടിപ്പിച്ചുകൊണ്ട് മൗലവി സാഹിബ് എനിക്ക് പണം തിരിച്ചുതന്നു.

മൗലവി സാഹിബ് ഹദ്റത്ത് അഖ്ദസിന്റെ വീടിന്റെ മുകൾ ഭാഗത്താണ് താമസിച്ചിരുന്നത്. പണം തിരിച്ചുനൽകിയ സമയത്ത് ഹിന്ദുക്കളുടെ വീടുകൾ കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു; ഈ വലിയ വലിയ വീടുകളെല്ലാം അഹ്മദികളുടേതാണ്. പ്രത്യേകിച്ച് ഡെപ്യൂട്ടി ഹിന്ദുവിന്റെ വീട്ടിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പറഞ്ഞത്. അതിൽ ഇപ്പോൾ നമ്മുടെ ഓഫീസുകളാണ്. എഴുതുന്നു. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് ആത്മീയജ്ഞാനത്തിന്റെ കൊടുമുടിയിൽ എത്തിയ ആളായിരുന്നു. അദ്ദേഹം പറഞ്ഞ കാര്യം അല്ലാഹു പൂർത്തിയാക്കി. ഏതായിരുന്നാലും ആ കാര്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയാറുണ്ടായിരുന്ന കാര്യങ്ങളായിരുന്നു. അത് അവരുടെ ഈമാനെ എത്രമാത്രം വർദ്ധിപ്പിച്ചു എന്നുവെച്ചാൽ ഇതെല്ലാം തന്നെ ഞങ്ങൾക്ക് ലഭിക്കും എന്ന ദൃഢവിശ്വാസം അവർക്കുണ്ടായിരുന്നു. പിന്നീട് അല്ലാഹു അത് നൽകുകയും ചെയ്തു.

ഹദ്റത്ത് മിയാൻ സഹൂർദ്ധീൻ സാഹിബ് (റ) വിവരിക്കുന്നു. ഒരു ദിവസം എന്റെ ഹൃദയത്തിൽ ഈ ചിന്ത ഉണ്ടായി. മിർസാ സാഹിബ് യഥാർഥത്തിൽ പീർ ആണെങ്കിൽ, നാം അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തില്ലെങ്കിൽ നമ്മുടെ അവസാനം എന്തായിരിക്കും? ഒരു ദിവസം ഞാൻ എന്റെ അമ്മായിയുടെ മകൻ മുൻശി അബ്ദുൽ ഗഫൂർ സാഹിബിനോട് ഞാൻ നാളെ രാവിലെയോ വൈകുന്നേരമോ ഖാദിയാനിൽ പോകുന്നതായിരിക്കും എന്ന് പറഞ്ഞു. ഇത് അദ്ദേഹത്തിന്റെ ബൈഅത്തിന് മുമ്പുള്ള കഥയാണ്. ഇത് കേട്ട് അദ്ദേഹം പറഞ്ഞു. മറ്റാരോടും പറയരുത്. ഞാനും നിന്നോടൊപ്പം വരുന്നതാണ്. അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ട് എനിക്ക് സന്തോഷം തോന്നി. അങ്ങനെ ഞങ്ങൾ രണ്ട് പേരും അടുത്ത ദിവസം അതിരാവിലെ തന്നെ ഖാദിയാനിലേക്ക് പുറപ്പെട്ടു. ഗോതമ്പിന്റെ മെതി നടക്കുകയായിരുന്നുവെന്ന് തോന്നുന്നു. (അതായത് ഗോതമ്പ് കോയ്ത് അതിൽ നിന്ന് ധാന്യം വേർപ്പെടുത്തുകയായിരുന്നു). ഞങ്ങൾ രണ്ട് പേരും സ്റ്റേഷനിൽ എത്തിയതിനുശേഷം, കുതിരവണ്ടിയിൽ യാത്ര ചെയ്യാൻ തുടങ്ങി. കുതിരവണ്ടിയിൽ നേരത്തെതന്നെ ഒരു യാത്രക്കാരൻ ഉണ്ടായിരുന്നു. അത് മിയാം നൂർ അഹ്മദ് സാഹിബ് കാബിലി ആയിരുന്നു. ഞങ്ങൾ കുതിരവണ്ടിയിൽ യാത്ര ചെയ്ത ളുഹറിന്റെ സമയത്ത് ഖാദിയാനിൽ എത്തിച്ചേർന്നു. വുളു ചെയ്ത് ഞങ്ങൾ രണ്ട്പേരും മസ്ജിദ് മുബാറക്കിൽ എത്തി.

അന്ന് മസ്ജിദ് മുബാറക്ക് വളരെ ചെറുതായിരുന്നു. അവിടെ ഞങ്ങൾ വരുന്നതിന് മുമ്പ് അഞ്ചാറ് ആളുകൾ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ അവരെ എല്ലാവരേയും വളരെ സൂക്ഷിച്ച് നോക്കി. പറയുന്നു. അവരിൽ ആരും തന്നെ ഞാൻ കാണാനാഗ്രഹിച്ച വ്യക്തിയായി എനിക്ക് തോന്നിയില്ല. അതായത് ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) നെയാണ് കാണാൻ ആഗ്രഹിച്ചിരുന്നത്. എന്നാൽ ഇരുന്നിരുന്നവരിൽ ആ രൂപത്തിലുള്ള ആരേയും കാണാൻ സാധിച്ചില്ല. പറയുന്നു. ഏകദേശം പത്ത് പന്ത്രണ്ട് മിനുറ്റുകൾക്ക് ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ആഗതരായി. അദ്ദേഹം ഇടുങ്ങിയ ഗോണിയുടെ അവിടെ ഉണ്ടായിരുന്ന അടുത്തുള്ള വാതിൽക്കൽ വന്ന് നിന്നു. ഞാൻ അദ്ദേഹത്തെ കണ്ടു പെട്ടെന്ന് എഴുന്നേറ്റു. അഥവാ ഒരു വ്യക്തിത്വം ഉണ്ട് എങ്കിൽ അത് ഇദ്ദേഹം (ഹദ്റത്ത് ഖലീഫ അവ്വൽ) തന്നെയാവാനാണ് സാധ്യത എന്ന ചിന്ത എന്റെ ഹൃദയത്തിൽ കടന്നുവന്നു. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പറഞ്ഞു. താങ്കൾ ഇരുന്നാലും. ഹദ്റത്ത് സാഹിബ് ഇപ്പോൾ വരുന്നതായിരിക്കും. ഇദ്ദേഹത്തിന് തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട് എന്ന് മനസ്സിലാക്കിയിരുന്നു. അത്രമാത്രം വലിയ ആത്മീയ ദൃഷ്ടിയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ ഇരുന്നു. ഇനി വരുന്ന വ്യക്തി ഇദ്ദേഹത്തേക്കാൾ ആതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനേക്കാൾ ഉന്നതനായിരിക്കും എന്ന് മനസ്സിലാക്കി. അഞ്ച് ആറ് മിനിറ്റ് കഴിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മസ്ജിദ് മുബാറക്കിന്റെ അകത്തേക്ക് ആഗതനായി. അപ്പോൾ സൂര്യൻ മധ്യസ്ഥാനത്ത് എത്തിയത് പോലെയാണ് തോന്നിയിരുന്നത്. അതായത് ഉച്ച സമയത്ത് സൂര്യൻ പൂർണ്ണമായും ഉദിച്ചുയർന്നത് പോലെ. ഏതൊരു രൂപം കാണാനാണോ ഹൃദയത്തിൽ ആവേശം ഉണ്ടായിരുന്നത്, അതിലും എത്രയോ ഉന്നതമായിട്ടാണ് അദ്ദേഹത്തെ കാണാൻ സാധിച്ചത്. ഞങ്ങൾ എല്ലാവരും ഹദ്റത്ത് അഖ്ദസ് ആഗതരായപ്പോൾ ബഹുമാനാർഥം എഴുന്നേറ്റ് നിന്നു. അവിടുത്തെ പ്രകാശപൂരിതമായ അനുഗ്രഹീത വദനം കണ്ടപ്പോൾ ഹൃദയത്തിന് ശാന്തി ലഭിച്ചു. മറ്റുള്ള എല്ലാ നല്ല രൂപങ്ങളും അദ്ദേഹത്തിന്റെ മുന്നിൽ നിഷ്പ്രഭമായി പോയി.

ഹദ്റത്ത് ശേഖ് അബ്ദുൽ കരീം സാഹിബ് പറയുന്നു. ഞാൻ 1903 ൽ ഹഖീം അഹ്മദ് ഹുസൈൻ സാഹിബ്, ലായൻപൂരി മുഖേന അഹ്മദിയായി. ഹഖീം സാഹിബ് ലാഹോർ നിവാസിയായിരുന്നു. എന്നാൽ മിയാൻപൂരിലാണ് ഹക്കീമായി ജോലി ചെയ്തിരുന്നത്. അവിടെ വെച്ച്തന്നെയാണ് അദ്ദേഹം വഫാത്തായതും. അദ്ദേഹം ലായൻപൂരിലെ പ്രസിഡന്റായിരുന്നു. അദ്ദേഹം തന്റെ ജോലി സംബന്ധമായി കറാച്ചിയിൽ വന്നതായിരുന്നു. അദ്ദേഹത്തിന്റെ തബ്ലീഗ് മുഖേന ഞാൻ അഹ്മദിയായി മാറിയിരുന്നു. 1904 ൽ ഞാൻ ലാഹോറിൽ പോയപ്പോൾ, അദ്ദേഹത്തിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. ഞാൻ ജുമുഅ നമസ്ക്കരിക്കുന്നതിനായി ശുംബിയിലെ മസ്ജിദിൽ പോയപ്പോൾ ഹുസൂർ വരുന്നതായിരിക്കുമെന്നും ഹുസൂറിന്റെ ഒരു പ്രസംഗവും ഇവിടെ ഉണ്ടായിരിക്കുമെന്നും അവിടെനിന്ന് അറിയാൻ കഴിഞ്ഞു. ഈ അറിയിപ്പ് കേട്ട് ഞാനും അവിടെ നിന്നു. ഹുസൂർ ആഗതരായപ്പോൾ മിയാം മിഅ്റാജുദ്ദീൻ സാഹിബിന്റെ വീട് തയ്യാറായിക്കൊണ്ടിരിക്കുകയായിരുന്നു. ചില റൂമുകൾ പൂർത്തിയായിരുന്നു. ഹദ്റത്ത് സാഹിബ് അവിടെ താമസിക്കുന്നത് ഇഷ്ടപ്പെട്ടു. അവിടെതന്നെ ജുമുഅ നമസ്ക്കാരവും അനുഷ്ഠിച്ചു. ഖുത്വുബ മൗലവി അബ്ദുൽ കരീം സാഹിബാണ് നൽകിയത്. അദ്ദേഹം തന്നെയാണ് നമസ്ക്കരിപ്പിച്ചതും. ഞാൻ ഒരു ഭ്രാന്തനെപ്പോലെ കറങ്ങിനടക്കുകയായിരുന്നു. ഹദ്റത്ത് സാഹിബുമായി ഏതെങ്കിലും വിധത്തിൽ മുലാഖാത്ത് ചെയ്യാൻ ആഗ്രഹിച്ചിരുന്നു.

ആ സമയത്ത് ഡോക്ടർ യഅ്ഖൂബ് ബേഗ് സാഹിബ് എന്റെ കൈപിടിച്ച് ശക്തമായി മുന്നോട്ട് തള്ളി. ഞാൻ ആദ്യ സഫ്ഫിൽ ഇടതുഭാഗത്ത് ഹദ്റത്ത് സാഹിബിന് അടുത്ത് പോയി നിന്നു. ഞാൻ അത്വഹിയ്യാത്തിൽ ഇരുന്നപ്പോൾ, തന്റെ പാപങ്ങളെക്കുറിച്ച് ഓർക്കുകയും അതോടൊപ്പം ഹദ്റത്ത് അഖ്ദസുമായി തോളോടു തോൾ

ചേർത്ത് നിന്നതും എല്ലാം ഓർത്തും അനിയന്ത്രിതമായി കരഞ്ഞുപോയി. തേങ്ങാൻ തുടങ്ങി. ഹദ്റത്ത് അഖ്ദസ് എന്റെ ഈ സ്ഥിതി കണ്ട്, തന്റെ കൈകൊണ്ട് എന്റെ പുറം സ്നേഹത്തോടെ തടവി. നമസ്ക്കാരത്തിന് ശേഷമാണ് സ്നേഹത്തോടെ തടവിയത്, നമസ്ക്കാരത്തിനിടയിലല്ല.

അദ്ദേഹം എഴുതുന്നു. ഹദ്റത്ത് അഖ്ദസ് ഖാദിയാനിലേക്ക് പുറപ്പെട്ടപ്പോൾ വിനീതനും കൂടെ പോയി. ഖാദിയാനിൽ എത്തിയ അതേ തീയ്യതിക്ക് തന്നെ ഗുരുദാസ്പൂരിൽ പോകേണ്ടതായിരുന്നു. ഞാനും കൂടെ ചേർന്നു. അസർ നമസ്കാരത്തിന് ശേഷം ഒരിക്കൽ ഹുസൂർ പറഞ്ഞു. ജനങ്ങൾ ഞങ്ങൾ മസീഹ് മൗഊദിനെ കണ്ടിരിക്കുന്നു എന്നും ബൈഅത്ത് ചെയ്തിരിക്കുന്നു എന്നും നമ്മുടെ പാപപ്പൊറുതിക്കായി ഇത് തന്നെ മതിയായതാണ് എന്നും കരുതുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി.യഥാർഥ കാര്യം **ഇയ്യാനകനഅ്ബുദു** എന്നതാണ്. ഇതുമുഖേന മനുഷ്യന്റെ വഞ്ചി അക്കരെയെത്താം. നാം കേവലം മാർഗം കാണിച്ചുതന്നിരിക്കുന്നു. ഇബാദത്തും സഹായവും അല്ലാഹുവിന്റേത് തന്നെയാണ്. അതിനായി ഒരു അന്വേഷണവും പരിശ്രമവും ആവശ്യമാണ്. ഇത് തന്നെയാണ് ഉന്നത നിലവാരത്തിലേക്ക് കൊണ്ട്പോകുന്ന യഥാർഥ കാര്യം. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ വരുന്നത് ഈ ലക്ഷ്യം പൂർത്തിയാക്കാനാണ്.

ഹദ്റത്ത് ബദറുദ്ദീൻ സാഹിബ് വിവരിക്കുന്നു. ഏകദേശം 1904 ലെ സംഭവമാണ്. ഹുസൂർ ഇന്ന വണ്ടിയിൽ ലാഹോറിൽ എത്തുന്നതായിരിക്കും എന്ന അറിയിപ്പ് അഹ്മദിയ്യ ജമാഅത്ത് ലാഹോറിന് ലഭിച്ചു. ഞങ്ങൾ ഹുസൂറിനെ സ്വീകരിക്കുന്നതിനായി സ്റ്റേഷനിൽ ചെന്നു. ആ കാലത്ത് രണ്ട് കുതിരകളെ കെട്ടിയ കുതിരവണ്ടി വളരെ പ്രചാരത്തിലുണ്ടായിരുന്നു. ഞങ്ങൾ വണ്ടി തയ്യാറാക്കി. ഹുസൂർ യാത്ര തുടങ്ങിയപ്പോൾ തന്നെ സാധാരണ രീതിയനുസരിച്ച് ഞങ്ങൾ യുവാക്കൾ കുതിരകളെ അഴിച്ച് വിടുകയും വണ്ടി ഞങ്ങൾ സ്വയം വലിക്കാൻ തുടങ്ങുകയും ചെയ്തു. (ഇത് ആത്മാർഥതയുടേയും കൂറിന്റെയും മാതൃകയാണ്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മറുപടിയും ശ്രദ്ധിക്കുക) ഞങ്ങളുടെ ഈ പ്രവർത്തി കണ്ട് ഹുസൂർ പറഞ്ഞു.നാം മനുഷ്യനെ പുരോഗമിച്ച് ഉന്നതനിലവാരമുള്ള മനുഷ്യരാക്കുന്നതിന്നായാണ് വന്നിരിക്കുന്നത്. മനുഷ്യരെ അധഃപതിപ്പിച്ച് വണ്ടിവലിക്കുന്നതിന്നായി മൃഗങ്ങൾ ആക്കുന്നതിന് വേണ്ടിയല്ല. പറഞ്ഞതിന്റെ സാരം ഇതുതന്നെയായിരുന്നു. വാക്കുകളിൽ ഒരു പക്ഷേ വ്യത്യാസം ഉണ്ടായിരിക്കും. ഞങ്ങൾ ഖാദിമീങ്ങൾ ഉടൻ തന്നെ തങ്ങളുടെ പ്രവർത്തി ഉപേക്ഷിച്ചു. കുതിരവണ്ടിയുമായി യാത്ര തുടങ്ങി. കുതിരകളെ മുന്നിൽ കെട്ടി. ഞാൻ ഉടൻതന്നെ വണ്ടിയിൽ എഴുന്നേറ്റ് നിന്നു. ഹുസൂറിന് മുഴുവൻ വഴിയിലും കുടപിടിച്ച് കൊടുത്തു. അങ്ങനെ ഹുസൂറിന് കുട പിടിക്കുകയെന്ന സേവനം ചെയ്യാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. അതിൽ എനിക്ക് അഭിമാനമുണ്ട്. ഞാൻ ഹുസൂറിനുവേണ്ടി കുട പിടിക്കുന്നവനാണ്.

ഹദ്റത്ത് ഖാസി ഗുലാം റസൂൽ സാഹിബ് ബസ്റാ വിവരിക്കുന്നു. 1907 ഡിസംബറിലെ ജലസ സാലാനയിലെ സംഭവമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) രാവിലെ നടക്കാനായി പുറത്ത് പോകുന്നതായിരിക്കും എന്ന് വ്യാഴാഴ്ച്ച വൈകുന്നേരം അറിയാൻ കഴിഞ്ഞു. ആ കാലത്ത് ഒരുപാട് തിരക്കുണ്ടാകുമ്പോൾ അവിടെത്തെ ചുറ്റും കൈകൾ കോർത്ത് പിടിച്ച് ഒരു വലയം ഉണ്ടാക്കാറുണ്ടായിരുന്നു. സംഭവം ഞാൻ മുമ്പും ഒരിക്കൽ മറ്റൊരു കാര്യവുമായി ബന്ധപ്പെട്ട് കേൾപ്പിച്ചിട്ടുണ്ട്. ഏതായിരുന്നാലും അവരുടെ ആവേശവും താൽപര്യവും സേവനം ചെയ്യാനും ഒരുനോക്ക് അദ്ദേഹത്തെ കാണാനുമുള്ള താൽപര്യം ഇതിൽ നിന്ന് പ്രകടമാകുന്നതാണ്. എങ്ങനെയാണ് വലയം ഉണ്ടാക്കാറുണ്ടായിരുന്നത് പറയുന്നു.

ഒരുപാട് തിരക്ക് ഉണ്ടാകുമ്പോൾ അദ്ദേഹത്തിന്ന് ചുറ്റും കൈ കോർത്ത് വലയം ഉണ്ടാക്കാറുണ്ടായിരുന്നു. അവിടുന്ന് ആ വൃത്തത്തിന്റെ മധ്യത്തിലൂടെ നടക്കുമായിരുന്നു. ഒരു വൃത്തരൂപത്തിൽ ജനങ്ങൾ പരസ്പരം കൈകോർത്ത് അദ്ദേഹത്തെ മധ്യത്തിലാക്കുമായിരുന്നു. തിരക്ക് കാരണം ഹുസൂറിന് തള്ളൽ അനുഭവപ്പെടാതിരിക്കാൻ. അങ്ങനെ ഞാൻ എന്റെ കൂടെയുള്ളവരോടൊപ്പം ചക് നമ്പർ നിന്ന് യാൻവേ ശുമാലിയിലെ അഹ്മദിയ്യ ജമാഅത്തിന്റെ അമീറായ മൗലവി ഗുലാം മുഹമ്മദ് ഗോന്ധൽ, ചൗധരി മിയാൻ ഖാൻ സാഹിബ് ഗോന്ധൽ, ചൗധരി മുഹമ്മദ് ഖാൻ സാഹിബ് ഗോന്ധൽ മർഹൂമുമായി അഭിപ്രായം ആരാഞ്ഞു. അല്ലാഹു തൗഫീഖ് നൽകുകയാണെങ്കിൽ അവിടുന്ന് രാവിലെ നടക്കാനായി പുറപ്പെടുമ്പോൾ നമ്മൾ അങ്ങേക്ക് ചുറ്റും കൈകോർത്ത് വലയം ഉണ്ടാക്കും. അങ്ങനെ നമുക്ക് ഹുസൂറിനെ നല്ലവണ്ണം കാണാൻ സാധിക്കും. യഥാർഥ ഉദ്ദേശ്യം ഒന്ന് സുരക്ഷിതത്വമായിരുന്നു. മറ്റൊന്ന് ഹുസൂറിനെ കാണുകയെന്നുള്ളതായിരുന്നു. രാവിലെ ഞങ്ങൾ ഫജർ നമസ്ക്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ മുഴുവൻ ജനങ്ങളും ഹുസൂറിനെ പ്രതീക്ഷിച്ചുകൊണ്ട് മാർക്കറ്റിൽ ഒരുമിച്ച് കൂടാൻ തുടങ്ങി. ഹുസൂർ ഏത് ഭാഗത്തിലൂടെയാണ് നടക്കാനായി പോവുകയെന്ന് പൂർണ്ണമായും അറിയാൻ സാധിച്ചിരുന്നില്ല. അവിടുന്ന് ഇന്ന ഭാഗത്തിലൂടെ പുറത്തേക്ക് നടക്കുന്നതിന്നായി പോകും എന്ന് കേട്ടാൽ ആ ഭാഗത്തേക്ക് ജനങ്ങൾ കൂട്ടമായി ഓടിയടുക്കുമായിരുന്നു. കുറച്ച് സമയം ഇതേപോലെ ശബ്ദമുഖരിതമായി നിലനിന്നു.ഹുസൂർ വടക്ക് വശത്തിലൂടെ റേത്തിച്ചല്ലയുടെ ഭാഗത്തേക്ക് നടക്കുന്നതിനായി പോകുന്നതായിരിക്കും എന്ന് അവസാനം മനസ്സിലാക്കാൻ കഴിഞ്ഞു. മുൻഭാഗത്ത്തന്നെ കാത്തിരുന്ന ഞങ്ങൾ പൂർണ്ണമായും തയ്യാറായി. ഹുസൂർ മാർക്കറ്റിൽ നിന്ന് പുറത്തേക്കുള്ള വാതിൽക്കൽ എത്തുമ്പോൾ ഞങ്ങൾ കൈകോർത്ത് വലയം ഉണ്ടാക്കി. ഞങ്ങൾ അതിനായി തയ്യാറെടുക്കുമ്പോൾ എന്താണ് കാണുന്നത്. ഹുസൂർ ഒരു വലിയ ജനക്കൂട്ടത്തോടൊപ്പം വരുന്നു. ആ ജനക്കൂട്ടം ഞങ്ങളുടെ ആഗ്രഹത്തെ മണ്ണോട് ചേർത്ത് ചവിട്ടി മെതിച്ചുകൊണ്ട് മുന്നോട്ട് പോയി. ഇത്ര മാത്രം തിരക്കുണ്ടായിരുന്നു. ഞങ്ങൾക്ക് അടുത്ത് എത്താൻപോലും സാധിച്ചില്ല. റേത്തി ചെല്ലയുടെ പടിഞ്ഞാറ് ഭാഗത്ത് ഒരു വലിയ മരമുണ്ടായിരുന്നു. ഹുസൂർ ആ മരത്തിന് ചുവട്ടിൽ നിന്നു. അവിടെ നിന്ന് അദ്ദേഹം ജനങ്ങൾക്ക് കൈകൊടുക്കാൻ തുടങ്ങി. ആരോ പറഞ്ഞു. ഹദ്റത്ത് സാഹിബിനായി കസേരകൊണ്ട് വന്നാലും. അപ്പോൾ അവിടുന്ന് പറഞ്ഞു. ജനങ്ങൾ വളരെയധികം നിന്റെ അടുത്ത് വരുന്നതായിരിക്കും എന്ന് എന്നോട് അല്ലാഹു മുമ്പ് തന്നെ പറഞ്ഞിട്ടുണ്ട്. പഞ്ചാബി ഭാഷയിലെ ഒരു ഇൽഹാമാണ്. (തു അക്കിനാ തക്കിനാ) അതായത് നീ പരിഭ്രമിക്കുകയുമരുത്. ജനങ്ങളുടെ

തിരക്ക് കാരണം കൂടിക്കാഴ്ച്ച നടത്തുന്നത് കാരണം നീ ക്ഷീണിച്ച് പോവുകയുമരുത്. അവിടെ വെച്ച് പിന്നീട് ഇവർക്ക് അവസരം ലഭിച്ചു.

ഡോക്ടർ ഉമറുദ്ദീൻ സാഹിബ് വിവരിക്കുന്നു. എനിക്ക് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ)മുമായി കൈകൊടുക്കാൻ ഇത്ര മാത്രം ദാഹമുണ്ടായിരുന്നു. പല പ്രാവശ്യം ജനക്കൂട്ടത്തിന്റെ കാലിന്നിടയിലൂടെ പോയി കൈകൊടുക്കാറുണ്ടായിരുന്നു. എന്നിട്ടും തൃപ്തിയാകാറുണ്ടായിരുന്നില്ല. ചിലപ്പോൾ ഉന്തും തള്ളും ഏൽക്കേണ്ടിവരുമായിരുന്നു. എന്നിരുന്നാലും കൈകൊടുക്കാനായി ശ്രമിക്കാറുണ്ടായിരുന്നു.

ഹദ്റത്ത് ഡോക്ടർ അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നു. ഞാൻ ബട്ടാലയിൽ നിന്ന് ഖാദിയാനിലേക്ക് പോകുമ്പോൾ, ആ സമയത്ത് ഒരു അന്ധനും വൃദ്ധനുമായ അഹ്മദിയും ഖാദിയാനിൽ പോവാനുണ്ടായിരുന്നു. അദ്ദേഹം ചോദിച്ചു. ഏതെങ്കിലും കുതിരവണ്ടിയിൽ എനിക്കായി സ്ഥലമുണ്ടോ. ഇതുകേട്ട് ഞാൻ പറഞ്ഞു; താങ്കൾ ഞങ്ങളുടെ കുതിരവണ്ടിയിലേക്ക് വന്നാലും. അദ്ദേഹം പറഞ്ഞു. എന്റെ പക്കൽ എട്ട് അണയുണ്ട്. ഞാൻ എന്റെ ചിലവിൽ ഖാദിയാനിൽ പോകും. അതായത് ഇവർ അദ്ദേഹത്തിന് സൗജന്യ യാത്രയാണ് നൽകിയത്. എന്നാൽ അദ്ദേഹം പറഞ്ഞു.അങ്ങനെയല്ല എന്റെ കൈയ്യിൽ യാത്രക്കൂലിയുണ്ട് ഞാൻ പണം നൽകി പോകുന്നതായിരിക്കും. ഇതിൽ നിന്ന് അവരുടെ മഹത്വവും, ആത്മാഭിമാനവും, യാചിക്കുന്ന സ്വഭാവത്തോടുള്ള വെറുപ്പും മനസ്സിലാകുന്നതോടൊപ്പം ജനങ്ങൾ തങ്ങളുടെ ഈ ദാരിദ്രത്തിലും കൂടെകൂടെ ഖാദിയാനിൽ വരുന്നതിലാണ് തങ്ങളുടെ ജീവിതമുള്ളത് എന്നും മനസ്സിലാക്കിയിരുന്നു എന്നുമാണ്. അതായത് ഒന്ന് ആ അന്ധനായ വ്യക്തിയുടെ ആത്മാഭിമാനമാണ്. മറ്റൊന്ന് ചോദിക്കുന്നതിനോടുള്ള വെറുപ്പ്, മറ്റൊന്ന് അവർ പരിശ്രമിച്ച് പണം സ്വരൂപിക്കുമായിരുന്നു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹവാസത്തിൽ നിന്ന് പ്രയോജനങ്ങൾ എടുക്കുന്നതിനുവേണ്ടി കൂടെക്കൂടെ ഖാദിയാനിൽ വരാൻ പരിശ്രമിക്കുമായിരുന്നു.

ഹദ്റത്ത് മിയാൻ ചിറാഗുദ്ദീൻ സാഹിബ് വിവരിക്കുന്നു. ഹഖീം അഹ്മദുദ്ദീൻ സാഹിബ് ഹുസൂറുമായി മുലാഖാത്ത് നടത്തുന്നതിനായി ലാഹോറിലേക്ക് പോകാൻ തുനിഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തെ കളിയാക്കിക്കൊണ്ട് പറഞ്ഞു. അപ്പോൾ ഹക്കീം സാഹിബ് പറഞ്ഞു. സുഹൃത്തേ! താങ്കൾ നമ്മുടെ ആളായിട്ടും കളിയാക്കുകയാണോ. ഈ കാര്യം കേട്ടപ്പോൾ എനിക്ക് അൽപം ലജ്ജ തോന്നി. എന്റെ ഹൃദയം നിർമ്മലമായി. അദ്ദേഹം പറഞ്ഞത്കൊണ്ട് ഞാനും ഹുസൂറിനെ കാണാൻ അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു. ഈ കളിയാക്കിയ ഇദ്ദേഹം അപ്പോൾ അഹ്മദിയായിരുന്നില്ല. ഹക്കീം സാഹിബിനോട് താങ്കൾ മസീഹ് മൗഊദിനെ കാണാൻ പോവുകയാണോ എന്നോ മറ്റോ കളിയാക്കി പറഞ്ഞിട്ടുണ്ടാവും, ഏതായിരുന്നാലും അദ്ദേഹം ഇദ്ദേഹത്തെക്കൊണ്ട് അൽപം ചിന്തിപ്പിച്ചു. അദ്ദേഹത്തിന് ലജ്ജതോന്നി. പറയുന്നു. ഞാനും അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു. എന്നാൽ ബൈഅത്ത് ചെയ്യാൻ യാതൊരു ഉദ്ദേശ്യവും ഉണ്ടായിരുന്നില്ല. ഖാജ കമാലുദ്ദീൻ സാഹിബിന്റെ വീട്ടിൽ എത്തിയപ്പോൾ ഹദ്റത്ത് സാഹിബ് രോഗാവസ്ഥയിലാണെന്ന് അറിയാൻ കഴിഞ്ഞു. ഒരുപാട് ജനങ്ങൾ ഉണ്ടായിരുന്നു. ഹുസൂറിന്റെ സമക്ഷത്തിൽ ആരോ അറിയിച്ചു. ഒരുപാട് ജനങ്ങളുണ്ട്. ഹുസൂറിനെ സിയാറത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. ഹുസൂർ ജനലിലൂടെ തല പുറത്തോട്ടിട്ടു. ഈ മുഖം ഒരിക്കലും ഒരു കള്ളവാദിയുടേതല്ല എന്ന് ഞാൻ അനുമാനിച്ചു. അങ്ങനെ ഞാൻ ബൈഅത്ത് ചെയ്തു.

മലിക്ക് ബർക്കത്തുല്ലാഹ് സാഹിബും മലിക്ക് നിയാസ് മുഹമ്മദ് സാഹിബും വിവരിക്കുന്നു. 1905 ൽ ഒരു ദിവസം അസറ് സമയത്ത് ജലന്ധർ ജില്ലയിലെ റാഹോം എന്ന സ്ഥലത്ത് ഹുസൂർ (അ) ഡൽഹിയിലേക്ക് പോവുകയാണെന്നും രാവിലെ എട്ട് ഒമ്പത് മണിക്ക് വണ്ടി വാഗവാഡ സ്റ്റേഷനിലൂടെ കടന്നുപോകുമെന്നും അറിയിച്ചുകൊണ്ടുള്ള പോസ്റ്റ് കാർഡ് ലഭിച്ചു. (ഇവിടെയാണ് ഇവർ താമസിച്ചിരുന്നത്.) ഹാജി റഹ്മത്തുല്ലാഹ് സാഹിബും, ചൗധരി ഫിറോസ് ഖാൻ സാഹിബ് മർഹൂമും എനിക്ക് ഡ്യൂട്ടി നൽകി. നീ യുവാവാണ് അതുകൊണ്ട് ഇപ്പോൾതന്നെ പോയി കരിയാം ജമാഅത്തിനെ അറിയിക്കുക. അങ്ങനെ ഞാൻ മഗ്രിബിന് ശേഷം പുറപ്പെട്ട കരിയാമിലെത്തി. ജമാഅത്തിനെ അറിയിച്ചു. അവിടെ നിന്നും കുറച്ച് സഹോദരങ്ങൾ കൂടെപോന്നു. ഞങ്ങൾ എല്ലാവരും ഈ വിധത്തിൽ നടന്ന് റാഹോമിൽ നിന്ന് മുപ്പത് മൈൽ ദൂരത്തിലുള്ള വഗ്‌വാഡ സ്റ്റേഷനിൽ എത്തി സുബഹി നമസ്കരിച്ചു. അവിടെ സ്റ്റേഷനിൽ ഹബീബുറ്റഹ്മാൻ മർഹൂം ഹാജിപൂർക്കാരുടെ വകയായി ജമാഅത്ത് അംഗങ്ങൾക്ക് താമസിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നു. പകൽ അദ്ദേഹത്തിന്റെ വകയായിതന്നെ ഭക്ഷണം വന്നു. വണ്ടിയുടെ സമയമാകുകയും വണ്ടി കടന്ന് പോവുകയും ചെയ്തപ്പോൾ പുറപ്പെടുന്ന തീയ്യതിയിൽ മാറ്റം ഉണ്ടായിരുന്നു എന്ന് അറിയാൻ കഴിഞ്ഞു. അവർക്ക് ലഭിച്ച അറിയിപ്പ് അനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്നില്ല. തിയ്യതിയിൽ മാറ്റമുണ്ടായിരുന്നു. മറ്റൊരു ദിവസം വരുന്നതായിരിക്കും എന്നറിയിച്ചു. അതുമൂലം ഞങ്ങൾക്ക് ഒരുപാട് ദുഃഖമുണ്ടായി. എഴുതുന്നു. രാത്രിമുഴുവൻ സ്നേഹാദിഖ്യം കാരണം ഇത്രമാത്രം വലിയ യാത്ര ചെയ്തിരുന്നു. എത്രമാത്രമെന്നാൽ അവസ്ഥ ഒരു അടിപോലും മുന്നോട്ട് വെക്കാൻ സാധിക്കുമായിരുന്നില്ല. കാണാനുള്ള ആവേശവും താൽപര്യവും കാരണം ഞങ്ങൾ ഒരൊറ്റ രാത്രികൊണ്ട് അനേകം മൈൽ ദൂരം യാത്രചെയ്തു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വരുന്നില്ല എന്ന് കണ്ടപ്പോൾ കാലുകളിലെ വിള്ളലുകൾ ഓർമ്മവരാൻ തുടങ്ങി. ദുഃഖവും ഉണ്ടായി. പറയുന്നു, ഈ ദുഃഖം കാരണം ഞങ്ങൾ കുതിരവണ്ടിയിൽ തിരിച്ചുപോയി.

ഹദ്റത്ത് മുൻഷി ഖാസി മെഹ്ബൂബ് ആലം സാഹിബ് വിവരിക്കുന്നു. ഇത് ഇദ്ദേഹത്തിന്റെ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് മുമ്പുള്ള സംഭവമാണെന്ന് തോന്നുന്നു. അങ്ങനെതന്നെയാണ് പറയുന്നത്. ഞാൻ 8-ാം ക്ലാസിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ, ഹനഫികളുടേയും വഹ്ഹാബികളുടേയും ഒരുപാട് സംവാദങ്ങൾ ഇവിടെ ലാഹോറിൽ നടക്കാറുണ്ടായിരുന്നു. ഞാൻ ഹനഫി മദ്ഹബുകാരൻ ആയിരുന്നു. വഹ്ഹാബികളുടെ പള്ളിയിൽ പോകാൻ എനിക്ക് താൽപര്യം തോന്നി. അങ്ങനെ ഞാൻ ചിനായാവാലി പള്ളിയിൽ പോകാൻ തുടങ്ങി. ഞാൻ അവരുടെ മജ്‌ലിസിൽ ഇരുന്നപ്പോൾ അവർ അല്ലാഹുവും റസൂലും പറഞ്ഞതല്ലാതെ മറ്റൊന്നും തന്നെ പറയുന്നില്ല എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. എന്റെ പ്രകൃതം പിന്നീട് അഹ്‌ലെ

ഹദീസിലേക്ക് തിരിഞ്ഞു. ചില സമയത്ത് വഹാബികളുടെ മജ്‌ലിസിൽ ഹദ്റത്ത് സാഹിബിന്റെ കാര്യങ്ങളും പറയാറുണ്ടായിരുന്നു. അദ്ദേഹം കാഫിറാണ്. അദ്ദേഹത്തിന്റെ മസീഹ് വാദം ഇസ്‌ലാമിന് എതിരാണ് എന്നെല്ലാം. അങ്ങനെ എന്റെ ശ്രദ്ധ സ്വാഭാവികമായും ഇതിലേക്ക് തിരിഞ്ഞു. അങ്ങനെ ബാബാ ഹിദായത്തുല്ലാഹ് സാഹിബിന്റെ മകൻ വലിയുല്ലാഹ് സാഹിബ് കൂട്ട ചവാറാം എന്ന ഒരു വ്യക്തി അഹ്മദിയ്യായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് പോകാൻ തുടങ്ങി. അദ്ദേഹത്തിൽ നിന്ന് ഹദ്റത്ത് സാഹിബിനെക്കുറിച്ച് ഏതാനും കാര്യങ്ങൾ മനസ്സിലാക്കി. അദ്ദേഹം എന്നോട് ഇസ്തിഖാറ ചെയ്യാനായി നിർദ്ദേശിച്ചു. അങ്ങനെ ഞാൻ അദ്ദേഹത്തിൽ നിന്ന് ഇസ്തിഖാറ ചെയ്യുന്ന രീതി പഠിച്ച് ഇസ്തിഖാറ ചെയ്തു. അടുത്ത ദിവസം രാത്രി രണ്ട് മണിക്ക് ഞാൻ ഇസ്തിഖാറയുടെ ദുആ ചെയ്തു ഉറങ്ങിയതേ ഉണ്ടായിരുന്നുള്ളൂ. സ്വപ്നത്തിൽ എന്നോട് ഏതൊ ഒരു വ്യക്തി പറഞ്ഞു. താങ്കൾ എഴുന്നേറ്റ് മുട്ടിൻമേൽ ഇരുന്നാലും. കാരണം താങ്കളുടെ അടുത്ത് ഹദ്റത്ത് റസൂൽ കരീം (സ) വരാൻ പോവുകയാണ്. എനിക്കും ഗോവണിയിലൂടെ ആരോ ഒരാൾ വരുന്നതിന്റെ ശബ്ദം കേൾക്കാൻ കഴിഞ്ഞു. അങ്ങനെ അദ്ദേഹം സ്വപ്നത്തിൽ തന്നെ മുട്ടിൻമേൽ ഇരുന്നു. ഇത്രയുമായപ്പോൾ അങ്ങേയറ്റം വെളുത്ത വസ്ത്രത്തിൽ ഒരാൾ വന്നിരിക്കുന്നതായി ഞാൻ കണ്ടു. അദ്ദേഹം തന്റെ കൈകൊണ്ട് ഹദ്റത്ത് മിർസാ സാഹിബിനെ പിടിച്ചുകൊണ്ട് എന്റെ മുന്നിൽ നിർത്തി. എന്നിട്ടു പറഞ്ഞു. **ഹാദാ ർറജ്‌ലു ഖലീഫത്തുല്ലാഹി വസ്മഊ വ അത്വീഊ.** പിന്നീട് അദ്ദേഹം മടങ്ങിപ്പോയി. മിർസാ സാഹിബ് എന്റെ പക്കൽ നിന്നു. തന്റെ ഒരു വിരൽ നെഞ്ചിൽ വെച്ചുകൊണ്ട് പഞ്ചാബിയിൽപറഞ്ഞു. സ്വപ്നത്തിൽ കാണുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പഞ്ചാബിയിൽ പറഞ്ഞു. ആരെയാണോ റബ്ബ് ഖലീഫ എന്ന് വിളിച്ചത് അദ്ദേഹം മഹ്ദിയാണെന്ന് മനസ്സിലാക്കുക. പിന്നീട് ഒരു നാലുവരി പദ്യം ചൊല്ലി. എന്നാൽ അത് ഞാൻ മറന്നു. അതിന്റെ അർഥം ഇതായിരുന്നു. ഞാൻ തന്നെയാണ് മസീഹ് മൗഊദ്, പിന്നീട് ഞാൻ ഉണർന്നു രാവിലെ സ്കൂളിൽ പോകുന്നതിന് പകരമായി ഖാദിയാനിലേക്ക് പുറപ്പെട്ടു. ബട്ടാല വരെയാണ് വണ്ടി ഉണ്ടായിരുന്നത്. ഏകദേശം വൈകുന്നേരമാണ് അവിടെ എത്തിയിരുന്നത്. ഞാൻ സ്റ്റേഷനടുത്തുള്ള ബട്ടാലയിലെ ചെറിയ പള്ളിയിൽ നമസ്ക്കരിക്കുന്നതിനായി പോയി. മഗ്‌രിബ് നമസ്ക്കരിച്ചപ്പോൾ ജനങ്ങൾ ചോദിച്ചു. താങ്കൾ എവിടെ നിന്നാണ് വരുന്നത്. എങ്ങോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. ഞാൻ പറഞ്ഞു. ലാഹോറിൽ നിന്നാണ് വരുന്നത്. ഖാദിയാനിൽ പോകാൻ ഉദ്ദേശിക്കുന്നു. അവർ ഹദ്റത്ത് സാഹിബിനെ ഒരുപാട് ചീത്ത പറഞ്ഞു. എന്നെ അവിടെ പോകുന്നതിൽ നിന്നും തടഞ്ഞു. ഞാൻ എന്റെ ദൃഢനിശ്ചയം അറിയിച്ചപ്പോൾ അവർ എന്നെ പള്ളിയിൽ നിന്ന് പുറത്താക്കി. ഞാൻ സ്റ്റേഷനിലേക്ക് പോന്നു. എന്നാൽ കുറച്ചാളുകൾ എന്നോടൊപ്പം സ്റ്റേഷനിലേക്കും പോന്നു. എന്നെ ഖാദിയാനിൽ പോകുന്നതിൽ നിന്നും തടയാൻ എല്ലാവിധത്തിലും തടയാൻ കഠിനമായി ശ്രമിച്ചു. പറഞ്ഞു. നീ വിദ്യാർത്ഥിയാണ് എങ്കിൽ ഞങ്ങൾ നിന്നെ ഇവിടെ വലിയ മിയാന്റെ അടുത്ത് പഠിപ്പിക്കാം. നിന്റെ താമസത്തിനും വസ്ത്രത്തിനുമുള്ള ഏർപ്പാടും ചെയ്യുന്നതായിരിക്കും. ഞാൻ പറഞ്ഞു. ഞാൻ മുമ്പേ തന്നെ ലാഹോറിൽ പഠിക്കുകയാണ്. അതിന്റെയൊന്നും യാതൊരു ആവശ്യവുമില്ല. അതുകൊണ്ട് എനിക്ക് ഇവിടെ പഠിക്കേണ്ട ആവശ്യമില്ല. ഞാൻ ഖാദിയാനിൽ ഹദ്റത്ത് സാഹിബിന്റെ സിയാറത്തിനായി പോവുകയാണ്. ഇത്കേട്ടപ്പോൾ അവർ കൂടുതലായി എതിർക്കാൻ തുടങ്ങി. എന്നാൽ ഞാൻ വകവെച്ചില്ല. വൈകുന്നേരത്തിന് ശേഷം തന്നെ ഖാദിയാനിലേക്ക് പുറപ്പെട്ടു. ഇരുട്ട് വളരെയധികം ഉണ്ടായിരുന്നു.

രാത്രിയുടെ ഒരു വലിയ ഭാഗം കടന്ന്പോയിരുന്നു. വഴി മുമ്പ് കണ്ടിട്ടുണ്ടായിരുന്നില്ല. ഞാൻ വിദൂരത്തിൽ കത്തിക്കൊണ്ടിരിക്കുന്ന ഒരു വിളക്ക് കണ്ട് വഴിതെറ്റി മസാനിയായിലേക്ക് പോയി. ഇത് ഖാദിയാനടുത്തുള്ള മറ്റൊരു സ്ഥലമാണ്. അവിടെ ഇശാഅ് നമസ്ക്കാരം കഴിഞ്ഞിരുന്നു. ഒരാൾ പള്ളിയിൽ ഇരുന്ന് ദിക്റ് ചെയ്ത്കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം എന്നോട് ചോദിച്ചു. താങ്കൾ എവിടെ നിന്നാണ് വരുന്നത്. എങ്ങോട്ടാണ് പോകുന്നത്. ഞാൻ പറഞ്ഞു ലാഹോറിൽ നിന്നാണ് വരുന്നത്. ഹദ്റത്ത് മിർസാ സാഹിബിനെ കാണാൻ പോവുകയാണ്. അദ്ദേഹം മറുപടിയായി പറഞ്ഞു. ഇത് മസാനിയ ആണ് ഖാദിയാൻ അല്ല. ഖാദിയാൻ ഇവിടെ നിന്ന് ദൂരത്തിലാണ്. താങ്കൾ ഇവിടെ ഉറങ്ങിയാലും. രാവിലെ പോകാം. കാരണം, വഴി നല്ലതല്ല. അങ്ങിനെ ഞാൻ അവിടെ പള്ളിയിൽ കിടന്നു. 4 മണിയോട് അടുത്ത് രാത്രിയുടെ അവസാനത്തിൽ ചന്ദ്രൻ ഉദിച്ചപ്പോൾ ഞാൻ ആ വ്യക്തിയോട് പറഞ്ഞു. എനിക്ക് വഴി കാണിച്ച് തന്നാലും. അദ്ദേഹം എന്നെ വടാലെ വരെ കൊണ്ടുവന്നാക്കി. എന്നിട്ട് എനിക്ക് റോഡ് കാണിച്ചുതന്നു. അങ്ങനെ ഞാൻ സുബഹി നമസ്കാരം നദിക്കരയിൽ നമസ്കരിച്ചു. സൂര്യൻ ഉദിച്ച് ഏകദേശം ഒരു മണിക്കൂറിനുശേഷം ഖാദിയാനിൽ എത്തിച്ചേർന്നു.

ഖാദിയാനിലെ ജംഗ്ഷനിൽ എത്തി. ഞാൻ ഒരാളോട് ചോദിച്ചു. വലിയ മിർസാ സാഹിബ് എവിടെയാണ്. അദ്ദേഹം പറഞ്ഞു. അവിടെ മുൻഭാഗത്ത് വീടിന്റെ നടുമുറ്റത്ത് കുളിച്ച് കട്ടിലിൽ ഇരുന്ന് ഹുക്ക വലിക്കുന്നുണ്ട്. മിർസാ നിസാമുദ്ദീനെ ചൂണ്ടിക്കാണിച്ചു. പറയുന്നു. ഞാൻ കേട്ട ഉടനെ മുന്നോട്ട് ചെന്നപ്പോൾ ഒരു വൃദ്ധനായ വ്യക്തി കുളിച്ച് കട്ടിലിൽ ഇരിക്കുന്നു. അദ്ദേഹത്തിന്റെ ശരീരം നനഞ്ഞിരിക്കുകയായിരുന്നു. ഹുക്ക വലിക്കുന്നതായി കണ്ടു. എനിക്ക് വളരെയധികം വെറുപ്പ് തോന്നി. ഖാദിയാനിൽ വന്നതിൽ ഖേദവും തോന്നി. ഇത്രമാത്രം ബുദ്ധിമുട്ടി പരിശ്രമിച്ചു യാത്ര ചെയ്തു എന്നിട്ട് ഖാദിയാനിൽ വന്നപ്പോൾ ഇയാളെയാണോ കാണുന്നത്. പറയുന്നു ഞാൻ നിരാശനായി മടങ്ങി. അല്ലാഹു മാർഗനിർദേശം നൽകണമായിരുന്നു. പറയുന്നു. വളവിൽ വെച്ച് ഞാൻ ശേഖ് ഹാമിദലി സാഹിബുമായി കണ്ട് മുട്ടി. അദ്ദേഹം എന്നോട് ചോദിച്ചു. താങ്കൾ എവിടെനിന്നാണ് വരുന്നത്. ആരെ കാണാനാണ് ആഗ്രഹിക്കുന്നത്. ഞാൻ പറഞ്ഞു. എനിക്ക് ആരെയാണോ കാണേണ്ടിയിരുന്നത് അദ്ദേഹത്തെ ഞാൻ കണ്ടിരിക്കുന്നു. ഇനി ഞാൻ തിരിച്ച് ലാഹോറിലേക്ക് പോവുകയാണ്. ഞാൻ ഇങ്ങനെ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. താങ്കൾ മിർസാ സാഹിബിനെ കാണാൻ വന്നതാണോ. അതുകൊണ്ട് താങ്കൾ കണ്ട് വന്ന വ്യക്തി ആ മിർസാ സാഹിബ് അല്ല. അത് മറ്റൊരാളാണ്, ഞാൻ താങ്കളെ അദ്ദേഹത്തെ കാണിപ്പിക്കാം. അപ്പോഴാണ് എനിക്ക് ജീവൻ ലഭിച്ചത്. ഞാൻ ഒരു വിധത്തിൽ സമാധാനാവസ്ഥയിലായി. ഹാമിദലി സാഹിബ് എന്നോട് പറഞ്ഞു. താങ്കൾ ഒരു ചീട്ട് എഴുതി

നൽകിയാലും. ഞാൻ അകത്ത് കൊണ്ടുപോയി നൽകാം. അതിൽ ഞാൻ സംക്ഷിപ്തമായി എഴുതി. ഞാൻ വിദ്യാർത്ഥിയാണ്. ലാഹോറിൽ നിന്നാണ് വരുന്നത്. സിയാറത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. ഇന്ന് തന്നെ തിരിച്ചുപോകാനുള്ള ഉദ്ദേശമാണുള്ളത്. ഹുസൂർ ഇതിന് മറുപടിയായി പറഞ്ഞയച്ചു. അതിഥിമന്ദിരത്തിൽ താമസിച്ചാലും. ഭക്ഷണം കഴിച്ചാലും. ളുഹറിന്റെ നമസ്ക്കാര സമയത്ത് മുലാഖാത്ത് നടത്താം. ഇപ്പോൾ ഞാൻ ഒരു ഗ്രന്ഥം എഴുതിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വിഷയം എന്റെ ചിന്തയിലുണ്ട്. അഥവാ ഈ സമയത്ത് ഞാൻ മുലാഖാത്തിനായി വന്നാൽ ആ വിഷയം എന്റെ ചിന്തയിൽ നിന്ന് ഇല്ലാതായി പോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് താങ്കൾ ളുഹർ നമസ്ക്കാരം വരെ കാത്തിരുന്നാലും. എന്നാൽ എനിക്ക് ഈ മറുപടി കൊണ്ട് അൽപം പോലും സമാധാനം ലഭിച്ചില്ല. ഞാൻ വീണ്ടും ഹദ്റത്തിന് എഴുതി. ഞാൻ മുഴുവൻ രാത്രിയും വളരെ ബുദ്ധിമുട്ടിയാണ് ഇവിടെ എത്തിയിരിക്കുന്നത്. സിയാറത്ത് ചെയ്യാൻ ആഗ്രഹിക്കുന്നവനാണ്. അല്ലാഹുവിന് വേണ്ടി എനിക്ക് ഇപ്പോൾതന്നെ സിയാറത്ത് എന്ന അനുഗ്രഹം നൽകി എന്നെ മഹത്വപ്പെടുത്തിയാലും. അപ്പോൾ ഹുസൂർ മായി ദാദിയോട് പറഞ്ഞു. ഇദ്ദേഹത്തെ മസ്ജിദ് മുബാറക്കിൽ ഇരുത്തിയാലും. ഞാൻ അദ്ദേഹവുമായി മുലാഖാത്ത് നടത്താൻ ഇതാ വരുന്നു. എനിക്ക് ഏകദേശം 15 മിനിറ്റോളം അവിടെ ഇരിക്കേണ്ടതായി വന്നു. അതിനുശേഷം ഹുസൂർ അദ്ദേഹത്തെ ഇങ്ങോട്ട് കൊണ്ടുവരിക എന്ന് പറഞ്ഞു. മായിദാദിയെ അയച്ചു. ഹദ്റത്ത് സാഹിബ് തന്റെ വീട്ടിൽ നിന്നും ഇടവഴിയിലേക്ക് വന്നു. ഞാനും ആ ഇടവഴിയിലേക്ക് മറ്റൊരു വശത്തിലൂടെ വന്നു. ദൂരെ നിന്ന് കണ്ണുകൾ ഹദ്റത്ത് സാഹിബിൽ പതിഞ്ഞപ്പോൾ എനിക്ക് സ്വപ്നത്തിൽ കാണിച്ചുതന്ന അതേ വ്യക്തിയുടെ അതേ രൂപം തന്നെയായിരുന്നു. ഹദ്റത്ത് സാഹിബിന്റെ കൈയ്യിൽ വടി ഉണ്ടായിരുന്നു. തലപ്പാവും അണിഞ്ഞിരുന്നു. പൂർണ്ണമായും അതേ രൂപം തന്നെയായിരുന്നു. ഇതിന് മുമ്പ് എനിക്ക് ദാദിയിലൂടെ അറിയാൻ കഴിഞ്ഞിരുന്നത് ഹദ്റത്ത് സാഹിബ് ഈ വിധത്തിലുള്ള വസ്ത്രം ധരിക്കാറുണ്ടായിരുന്ന എന്നാണ്. എന്നാൽ അല്ലാഹുവിന് എനിക്ക് സ്വപ്നത്തിൽ കാണിച്ച അതേ രൂപം കാണിച്ചുതരണമായിരുന്നു. അതുകൊണ്ട് ഹുസൂർ അണിഞ്ഞിരുന്ന വസ്ത്രം ഞാൻ സ്വപ്നത്തിൽ കണ്ട അതേ വസ്ത്രം തന്നെയായിരുന്നു. ഞാൻ ഹദ്റത്ത് സാഹിബിന്റെ അടുത്തേക്ക് ചെന്നു. ഹദ്റത്ത് എന്റെ അടുത്തേക്ക് വന്നുകൊണ്ടിരിക്കുകയായിരുന്നു. ഗോൽകമരയുടെ വാതിലിന് അൽപം മുമ്പിൽ വെച്ച് എന്റെയും ഹദ്റത്ത് സാഹിബിന്റെയും മുലാഖാത്ത് നടന്നു. ഞാൻ ഹദ്റത്ത് സാഹിബിനെ കണ്ട് ഉടനെതന്നെ മനസ്സിലാക്കി ഇത് സ്വപ്നത്തിൽ കണ്ട മഹാത്മാവ് തന്നെയാണ്. സത്യവാനാണ്. അങ്ങനെ ഞാൻ ഹുസൂറിനെ കെട്ടിപ്പിടിച്ചു. എന്നിട്ട് തേങ്ങിതേങ്ങി കരയാൻ തുടങ്ങി. ആ രോദനം എവിടെ നിന്നാണ് വന്നത് എന്തുകൊണ്ടാണ് വന്നത് എന്ന് എനിക്ക് അറിയില്ല. എന്നാൽ ഞാൻ ഒരുപാട് മിനിറ്റ് കരഞ്ഞ്കൊണ്ടേ ഇരുന്നു. ഹുസൂർ എന്നോട് പറഞ്ഞുകൊണ്ടിരുന്നു. ക്ഷമ കൈകൊള്ളുക, സഹനം കൈകൊള്ളുക. എന്റെ കരച്ചിൽ അൽപം അടങ്ങിയപ്പോൾ, എനിക്ക് ബോധം തെളിഞ്ഞപ്പോൾ, ഹുസൂർ എന്നോട് ചോദിച്ചു. താങ്കൾ എവിടെ നിന്നാണ് വരുന്നത്. ഞാൻ പറഞ്ഞു. ലാഹോറിൽ നിന്ന്. ഹുസൂർ ചോദിച്ചു. എന്തിനാണ് വന്നത്. ഞാൻ പറഞ്ഞു സിയാറത്തിനായി. ഹുസൂർ ചോദിച്ചു. പ്രത്യേകിച്ച് എന്തെങ്കിലും കാര്യമുണ്ടോ. ഞാൻ വീണ്ടും പറഞ്ഞു. സിയാറത്ത് മാത്രമാണ് ഉദ്ദേശ്യം. ഹുസൂർ പറഞ്ഞു. ചിലയാളുകൾ തങ്ങളുടെ ലക്ഷ്യത്തിനായി ദുആ ചെയ്യിക്കാനായി വരുന്നു. താങ്കൾക്കും അത്തരത്തിലുള്ള വല്ല കാര്യവും ഉണ്ടോ. ഞാൻ പറഞ്ഞു. എനിക്ക് ആ വിധത്തിലുള്ള യാതൊരു ആവശ്യവും തന്നെയില്ല. അപ്പോൾ ഹുസൂർ പറഞ്ഞു. അല്ലാഹു അനുഗ്രഹിക്കട്ടെ. അല്ലാഹുവിന്റെ ആളുകളുടെ അടുത്ത് ഇങ്ങനെ യാതൊരു ഉദ്ദേശ്യവുമില്ലാതെ വരുന്നത് വളരെ പ്രയോജനപ്രദമാണ്. ഇത് ഒരു പക്ഷെ ഹദ്റത്ത് സാഹിബ് എന്നോട് ചോദിക്കാനുള്ള കാരണം. ആ ദിവസങ്ങളിൽ ഹുസൂർ ഒരു വിളംബരം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ എഴുതിയിരുന്നു; ചിലയാളുകൾ നമ്മുടെ അടുത്ത് തങ്ങളുടെ ഉദ്ദേശ്യത്തിനായി ദുആ ചെയ്യിക്കുവാൻ വേണ്ടിയാണ് വരുന്നത്. എന്നാൽ എന്റെ ഈ കാര്യം കേട്ട് വളരെ അധികം സന്തോഷവാനായി. ആശംസകൾ നേർന്നു. എന്റെ ഉദ്ദേശ്യം താങ്കളെ കാണുകയും സിയാറത്ത് ചെയ്യുകയും ചെയ്യുക എന്നത് മാത്രമാണ്.

ഹദ്റത്ത് മൗലവി ഗുലാം ഹുസൈൻ സാഹിബ് മുഹാജിർ വിവരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ ദേശത്ത് തിരിച്ചെത്തിയതിനുശേഷം വീണ്ടും ഖാദിയാനിൽ വരാനുള്ള പദ്ധതിയുണ്ടായി. എന്നാൽ ചിലവിനുള്ള പണമുണ്ടായിരുന്നില്ല. കാൽനടയായിട്ടാണെങ്കിലും പോകണം എന്നാണ് ഹൃദയത്തിൽ ഉണ്ടായിരുന്നത്. രണ്ട് രൂപ എന്റെ പക്കലുണ്ടായിരുന്നു. ഞാൻ റുഫ്ത്താർസെ നിന്ന് ജഹ്ലം വരെ വണ്ടിയുണ്ടായിരുന്നിട്ടും നടന്നുവന്നു. പിന്നീട് ചിന്തിച്ചു; ഇനി മുന്നോട്ട് നടന്നുതന്നെ പോകുന്നതാണ്. ജഹലത്തിലെ പാലം കടന്നപ്പോൾ നാലഞ്ച് പട്ടാളക്കാരെ കണ്ടു. അവരുടെ പക്കൽ ഈരണ്ട് കുതിരകളുണ്ടായിരുന്നു. ഞാൻ അവരോട് പറഞ്ഞു. ഒരു കുതിരയെ എനിക്ക് തന്നാലും. അവർ പറഞ്ഞു. നീ ഗുജറാത്തിലെ താമസക്കാരനാണ്. നീ കുതിരയുമായി കടന്നുകളയുമോ എന്ന് ഞങ്ങൾ ഭയക്കുന്നു. ഏതായാലും ഞാൻ പറഞ്ഞു. ഞാൻ ജഹ്ലം ജില്ലയിൽ നിന്നാണ് ഗുജറാത്തിൽ നിന്നല്ല. എന്നാൽ അവർ വിശ്വസിച്ചില്ല. എന്നാൽ ഞാൻ അവരോടൊപ്പം നിന്നു. കാരണം രാത്രിയിലും അവർ യാത്ര ചെയ്തിരുന്നു. പട്ടാളക്കാർ അവർ മുറാലയിൽ എത്തിയപ്പോൾ ഞാനും അവിടെ കിടക്ക വിരിച്ചു. ഒരു സിക്ക്കാരൻ പറഞ്ഞു. മിയാം നീ ഞങ്ങളെ വെറുതെ വിടുന്നില്ല. ഞങ്ങൾ നിന്നെ ഭയക്കുന്നു. അർദ്ധരാത്രിയായപ്പോൾ അവർ പോകാൻ തുടങ്ങി. ഞാനും കൂടെ കൂടി. പിന്നീട് ഒരു സിക്ക്കാരൻ പറഞ്ഞു. ഞങ്ങളുടെ ഏതെങ്കിലും കുതിരയെ നീ കൊണ്ട്പോകുമോ എന്ന് ഞങ്ങൾ ഭയക്കുന്നു. ഞാൻ പറഞ്ഞു. ഞാൻ എത്രയും പെട്ടെന്ന് പോകാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നിങ്ങളോടൊപ്പം വരുന്നത്. ഒരു സിക്ക്കാരൻ പറഞ്ഞു. ഇദ്ദേഹം നല്ലവനാണെന്ന് തോന്നുന്നു. അവന് ഒരു കുതിരയെ നൽകിയാലും. അങ്ങനെ മൂന്ന് മൈൽ ഞാൻ കുതിരയിൽ യാത്ര ചെയ്തു. രാത്രി വസിറായൊട്ടിൽ എത്തിച്ചേർന്നു. പാലത്തിലൂടെ കടന്ന് പോകാനുള്ള എന്റെ പണവും അവർ തന്നെ നൽകി. രാത്രിയിലെ ഭക്ഷണവും അവർ തന്നെ കഴിപ്പിച്ചു. ഒരു പക്ഷേ ടോൾ ടാക്സ് ഉണ്ടാകുമായിരിക്കും. അതും അവർ നൽകി. രാത്രി ഒരു മണിക്ക് വീണ്ടും തയ്യാറായി എനിക്ക് കുതിരയെ നൽകി. അടുത്ത രാത്രി

കാമുകിയഫുക്കേയിൽ രാത്രി കഴിച്ചുകൂട്ടി. പിന്നീട് അവർ എനിക്ക് ഭക്ഷണം നൽകി. പിന്നീട് രാത്രി യാത്ര ചെയ്ത് രാവിലെ ഏഴോ എട്ടോ മണിക്ക് ലാഹോറിൽ എത്തിച്ചേർന്നു. ഇത് ഏകദേശം 100, 150 മൈൽ ദൂരയാത്രയാണ്. ലാഹോറിൽ എത്തിയതിനുശേഷം അവരുടെ വഴി മറ്റൊന്നായിരുന്നു. അതുകൊണ്ട് അവർ പിരിഞ്ഞു. 11 മണിക്ക് ലാഹോറിൽ നിന്ന് വണ്ടി പുറപ്പെടേണ്ടിയിരുന്നു. ഞാൻ എട്ട് മണിക്ക് എത്തിച്ചേർന്നു. അതുകൊണ്ട് മൂന്ന് മണിക്കൂർ ആര് കാത്തിരിക്കും എന്ന് ചിന്തിച്ച് ഞാൻ നടക്കാൻ തുടങ്ങി. ഖാദിയാനിൽ എത്തിച്ചേരാനുള്ള ആവേശം ഉണ്ടായിരുന്നു. ഒന്നര മണിക്കൂർ കൊണ്ട് ജഹ്ലം എത്തിച്ചേർന്നു. അവിടുത്തെ സ്റ്റേഷനിൽ വണ്ടിയെക്കുറിച്ച് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു. പതിനൊന്നേ മുക്കാലിന് പുറപ്പെടും. പിന്നീട് ഞാൻ അവിടെ നിന്ന് നടക്കാൻ തുടങ്ങി. അട്ടാരിയിൽ എത്തി. സ്റ്റേഷനിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞു. വണ്ടി വരാൻ ഒന്നേകാൽ മണിക്കൂറുണ്ട്. ഞാൻ വീണ്ടും നടക്കാൻ തുടങ്ങി. ഖ്വാസ സ്റ്റേഷനിലേക്ക് രണ്ട് മൈൽ ദൂരം ഉണ്ടായിരിക്കെ എന്തിന് കാത്തിരിക്കണം. വണ്ടി കടന്ന്പോയി ഖ്വാസയിൽ എത്തി സ്റ്റേഷനിൽ ചോദിച്ചപ്പോൾ വൈകുന്നേരം 7 മണിക്ക് വണ്ടി വരുന്നതായിരിക്കും എന്നറിയാൻ കഴിഞ്ഞു. ഞാൻ വീണ്ടും നടക്കാൻ തുടങ്ങി. വൈകുന്നേരത്തിന് മുമ്പ് തന്നെ അമൃത്സറിൽ എത്തിച്ചേർന്നു. അവിടെ ഞങ്ങളുടെ പട്ടണത്തിലെ ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൂടെ രാത്രി കഴിച്ചു കൂട്ടി. അവിടെ നിന്ന് രാവിലെ വണ്ടിയിൽ യാത്ര ആരംഭിച്ചു. ആറ് അണ നൽകി. ബട്ടാലയിൽ എത്തിച്ചേർന്നു. ബട്ടാലയിൽ നിന്ന് വീണ്ടും കാൽനടയായി നാല് അഞ്ച് മണിക്ക് ഖാദിയാനിൽ എത്തിച്ചേർന്നു. അടുത്ത ദിവസം രാവിലെ ഹദ്റത്ത് സാഹിബുമായി മുലാഖാത്ത് നടത്തി. 45 ദിവസം സുഖത്തോടെ കഴിച്ചുകൂട്ടി. പിന്നീട് അനുവാദം ചോദിച്ച് കൊണ്ടു പറഞ്ഞു. ഞങ്ങൾ ചെറുപ്പത്തിൽ പറയാറുണ്ടായിരുന്നു. അല്ലാഹുവേ ഇമാം മഹ്ദി വരുമ്പോൾ ഞങ്ങൾക്ക് പടയാളികളാകാൻ തൗഫീഖ് നൽകേണമേ. രാത്രിയിലെ സംഭവങ്ങളും മുഴുവൻ കേൾപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് എങ്ങനെയാണ് ഞാൻ യാത്രയുടെ ഭൂരിഭാഗവും കാൽനടയായി ചെയ്ത് തീർത്തത് എന്ന് പറഞ്ഞു. ഇടക്ക് ഒരുപാട് ദൂരം കുതിരപ്പുറത്തും യാത്ര ചെയ്തു. പറയുന്നു. ഈ കാര്യങ്ങൾ കേട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. താങ്കൾ വലിയ ധൈര്യം കാണിച്ചിരിക്കുന്നു. എന്നിട്ട് പറഞ്ഞു. താങ്കൾക്ക് എന്തെങ്കിലും ജോലി അറിയുമോ. ഞാൻ പറഞ്ഞു. ഹുസൂർ റൊട്ടി ഉണ്ടാക്കാനല്ലാതെ മറ്റൊരു ജോലിയും അറിയില്ല. അതും വളരെ കുറച്ചുമാത്രം.പറഞ്ഞു. പേര് എഴുതിച്ചാലും. ആവശ്യം വന്നാൽ നാം താങ്കളെ വിളിപ്പിക്കാം. അപ്പോൾ ഞാൻ പേര് എഴുതിച്ചു. ഗുലാം ഹുസൈൻ കിർസാബ് ജില്ല ജഹ്ലം എന്ന്.

ഇതെല്ലാമാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കാണാനും സിയാറത്ത് ചെയ്യാനുമുള്ള ആവേശവും താൽപര്യവും ഉണ്ടായിരുന്നവരുടെ രിവായത്തുകൾ. ഇതിനായി അവർ ബുദ്ധിമുട്ടുകളും സഹിച്ചിരുന്നു. ഈ ബുദ്ധിമുട്ടുകൾ അവരെ സംബന്ധിച്ചെടുത്തോളം അവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) മിൽ നിന്നും സ്വായത്തമാക്കിയ അനുഗ്രഹവും അവരുടെ ഈമാനിലുള്ള വർദ്ധനവും വെച്ച് നോക്കുമ്പോൾ വളരെ നിസ്സാരമായിരുന്നു. നമ്മിൽ ഓരോരുത്തരും ഈ സംഭവങ്ങൾ കേട്ട് കേവലം സംഭവങ്ങൾ ആസ്വദിക്കുന്നവർ മാത്രമാകാതെ ഓരോ സംഭവവും അല്ലാഹു നമ്മുടെ ഈമാനിക വർദ്ധനവിന് കാരണമാക്കിത്തീർക്കട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 May 04 at : Baitul Futuh London
Translation: C.P. Sulthan Naseer Mob: 09544274240

Typing: M.P.Abdul Latheef
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**